

# പഴൂക്കര സെന്റ് ജോസഫ്സ് ഇടവക

മാള-ചാലക്കുടി റോഡിൽ അഷ്ടമിച്ചിറയിൽ നിന്ന് മൂന്ന് കിലോമീറ്റർ സഞ്ചരിച്ചാൽ എത്തുന്ന സ്ഥലമാണ് പഴൂക്കര. പുരാതനമായ അമ്പഴക്കാട് പള്ളിയായിരുന്നു ആദ്യകാലങ്ങളിൽ പഴൂക്കരയിലെ ക്രിസ്ത്യാനികളുടെ ഇടവക. തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നതിനായി അമ്പഴക്കാട് ഫൊറോനാപള്ളിയിലോ പുളിയിലക്കുന്ന് സെന്റ് ആന്റണീസ് ബാലഭവന്റെ ദേവാലയത്തിലോ പോകേണ്ടിയിരുന്നു. ഇക്കാരണത്താൽ ഇവിടെ ഒരു ആരാധനാലയം ആവശ്യമായിരുന്നു. പള്ളിക്കുവേണ്ടി 1970-ൽ അമ്പഴക്കാട് ഫൊറോന പള്ളിയോഗത്ത് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ വികാരിയായിരുന്ന പെ.ബഹു. ജോസഫ് കിഴക്കുംതലയച്ചന്റെ നേതൃത്വത്തിൽ പള്ളി നിർമ്മാണ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

## ദേവാലയം

1970-ൽ അമ്പഴക്കാട് ഇടവകാംഗമായ ശ്രീ. പാനികുളം ജോണി എന്ന മാന്യവ്യക്തി പള്ളി പണിയാൻ വേണ്ട സ്ഥലം ദാനമായി നല്കുകയും അവിടെ തൃശ്ശൂർ രൂപതാമെത്രാൻ അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവ് 1974 മെയ് 8-ന് ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. പെ. ബഹു. ജേക്കബ് മാഞ്ഞൂരാൻ അച്ചൻ സ്ഥലം മാറിയതിനെത്തുടർന്ന് പെ. ബഹു. പോൾ ചാലിശ്ശേരി അച്ചന്റെ നേതൃത്വത്തിൽ പണികൾ പുരോഗമിച്ചു. വി. യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ദേവാലയത്തിന്റെ ആശീർവാദകർമ്മം 1977 ഫെബ്രുവരി 19-ാം തിയ്യതി മാർ ജോസഫ് കുണ്ടുകുളം നിർവ്വഹിച്ചു. സിമിത്തേരിയും യഥാസമയം തയ്യാറാക്കി.

പുതിയ ദേവാലയം അമ്പഴക്കാട് ഫൊറോന പള്ളിയുടെ കീഴിലുള്ള കുരിശുപള്ളിയായിരുന്നു. തുടർന്ന് അമ്പഴക്കാട് പള്ളിയിലെ പെരി. ബഹു. വികാരിയച്ചന്മാരും കൊച്ചച്ചന്മാരുമാണ് ഇവിടെ ശുശ്രൂഷ നടത്തിയിരുന്നത്. ബാലഭവനിലെ ബഹു. അച്ചന്മാരും ഇവിടെ ആവശ്യാനുസരണം സഹായിച്ചിരുന്നു. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ബുധൻ, ശനി എന്നീ ദിവസങ്ങളിലുമായിരുന്നു ഇവിടെ കുർബാന.

## പാരിഷ്ഹാൾ, വൈദികമന്ദിരം

ഇടവകാംഗങ്ങളുടെ പരിശ്രമഫലമായി ക്രമേണ ഒരു പാരിഷ്ഹാൾ പണിതീർക്കാൻ സാധിച്ചു. വൈദികമന്ദിരം അത്യാവശ്യമായിരുന്ന ഘട്ടത്തിൽ 1.1.1986-ൽ ശ്രീ. ചങ്കൻ തോമസ് എന്ന മാന്യവ്യക്തി തന്റെ പിതാവിന്റെ സ്മരണയ്ക്കായി ഒരു വൈദികമന്ദിരം പണികഴിപ്പിച്ചുതന്നു.



വൈദിക മന്ദിരം

## ഇടവക, സ്ഥിരം വികാരി

1988 ജനുവരി 18–ാം തിയ്യതി, അതായത്, പഴൂക്കരപള്ളി ഇടവകയായി തീർന്നതിന് മുമ്പുതന്നെ പഴൂക്കര പള്ളിയിൽ സ്ഥിരമായി സേവനം ചെയ്യാൻ ബഹു. ജോസ് വിതമറ്റിൽ അച്ചനെ രൂപതയിൽ നിന്ന് നിയമിച്ചു. 1988 മേയ് 1–ാം തിയ്യതി പഴൂക്കര സെന്റ് ജോസഫ്സ് പള്ളിയെ കല്പന DL 3/87 വഴി അഭിവന്ദ്യ പിതാവ് ഇടവകയായി ഉയർത്തുകയും ബഹു. ജോസ് വിതമറ്റിൽ അച്ചനെ പ്രഥമ വികാരിയായി നിയമിക്കുകയും ചെയ്തു. നിശ്ചിത അതിർത്തികളുള്ള പഴൂക്കര ഇടവകയിൽ പ്രധാനമായും അമ്പഴക്കാട് ഇടവകക്കാരായിരുന്ന 233 കുടുംബങ്ങളാണ് ഉൾപ്പെട്ടിരുന്നത്.

കൂടാതെ, പഴൂക്കര പടിഞ്ഞാറ് ജൂബിലി നഗറിൽ 1987 മുതൽ നിലവിലുണ്ടായിരുന്ന ദേവമാത കപ്പേളയെ കുരിശുപള്ളിയായി ഉയർത്തുകയും ഞായറാഴ്ചകളിൽ വി. കുർബാന അനുവദിച്ചുകിട്ടുകയും ചെയ്തു.

## നവീന ദേവാലയം

1999 ജൂലായ് മാസത്തിലെ സ്ഥലം മാറ്റത്തിൽ വികാരിയായി ചാർജ്ജെടുത്തത് ബഹു. ജോർജ്ജ് കണ്ടംകുളത്തി അച്ചനായിരുന്നു. നിലവിലുള്ള പള്ളി പുതുക്കിപ്പണിയാനുള്ള നടപടികൾ തുടങ്ങി. 2000 മേയ് 5–ാം തിയ്യതി ഇരിങ്ങാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പുതിയ പള്ളിയുടെ അടിസ്ഥാനശില ആശീർവദിച്ച് സ്ഥാപിച്ചു. 2001 ഡിസംബർ 30–ന് അഭിവന്ദ്യ പിതാവ് പള്ളിയുടെ കൂദാശാകർമ്മം നടത്തി.

## കോൺവെന്റ്, സ്ക്കൂൾ, സേവനാലയം

പിന്നീട് 2001–ൽ കർമ്മലീത്താ മിഷനറി സിസ്റ്റേഴ്സിന്റെ കോൺവെന്റും 2002–ൽ C.B.S.E. സ്ക്കൂളും സ്ഥാപിതമായി. കൂടാതെ, ഇടവകയുടെ പരിധിയിലുള്ള ജൂബിലി നഗറിൽ ബഹു. പോൾ കൊടിയൻ സി.എം.ഐ. അച്ചന്റെ നേതൃത്വത്തിൽ സേവനാലയം (സേവനഗിരി) എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്.

2003–ൽ വികാരി ബഹു. ഫ്രാൻസിസ് കൊടിയനച്ചൻ പള്ളിയുടെ തൊട്ടടുത്തുള്ള കുറച്ചുസ്ഥലം വാങ്ങി, പള്ളിയുടെ കോമ്പൗണ്ടിനോട് ചേർത്ത്



കർമ്മലീത്ത മിഷനറീസ് കോൺവെന്റ്



സേവനാലയം, സേവനഗിരി

വിസ്തൃതമാക്കുകയും ചെയ്തു.

## ജൂബിലിനഗറിൽ പുതിയപള്ളി

2006 ജനുവരി മാസത്തിലാണ് ബഹു. ജോൺ വാഴപ്പിള്ളിയച്ചൻ ചുമതലയേറ്റത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജൂബിലി നഗർ ദേവമാതാ കുരിശുപള്ളി പുതുക്കിപ്പണിയുകയും 2007 ആഗസ്റ്റ് 4–ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് ആശീർവാദകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

10 കുടുംബയൂണിറ്റുകളിലായി ഇപ്പോൾ 578 കുടുംബങ്ങളാണ് ഇടവകയുടെ സ്നേഹക്കൂട്ടായ്മയിൽ മുന്നേറുന്നത്. മതബോധനവും സംഘടനകളും സജീവമാണ്.



ദേവമാത കുരിശുപള്ളി, ജൂബിലിനഗർ



പഴൂക്കര പഴയ പള്ളി



സെന്റ് ആന്റണീസ് കപ്പേള



സെന്റ് ഫ്രാൻസീസ് സേവ്യർ
കപ്പേള



സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം
സ്ക്കൂൾ